# ബലഹീനതയിൽ പകരപ്പെടുന്ന ബലം

## ലൂക്കോസ് 22:43-44

"അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതൻ അവന്നു പ്രത്യക്ഷനായി. പിന്നെ അവൻ പ്രാണവേദനയിലായി അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു."

ലോകജനതയുടെ രക്ഷ അഥവാ വീണ്ടെടുപ്പിന്റെ അതിശക്തമായ ഒരു അനുഭവമാണല്ലോ ഈ വേദഭാഗത്തുനിന്നും നമുക്ക് മനസ്സിലാവുന്നത്. പാപത്തിന്റെ അവസ്ഥയിൽനിന്ന് ലോകത്തെ രക്ഷിപ്പാൻ യേശുക്രിസ്തുവിന്റെ മരണമല്ലാതെ വേറൊരു വഴിയില്ലേ എന്ന ഒരു ധ്വനിയോടെ കർത്താവ് വേറിട്ടുപോയി പ്രാർത്ഥിക്കാൻ ഒരുങ്ങുന്നത് അതിനുമുമ്പുള്ള വാക്യങ്ങളിലൂടെ നമുക്ക് കാണാമല്ലോ. എന്നാൽ സ്വർഗ്ഗം മൗനം പാലിക്കുന്നു.

ദൈവികസാന്നിധ്യം അല്പസമയത്തേക്ക് മാറിപ്പോയോ എന്നുള്ള ചിന്ത കഠിനമായ ആത്മവ്യഥയിലേക്ക് കർത്താവിനെ നയിക്കുന്നു. ക്രൂശുമരണത്തെക്കുറിച്ചുള്ള ചിന്ത കർത്താവിന്റെ മനുഷ്യശരീരത്തെ ബലഹീനമാക്കി. മറ്റേതൊരു വേദനയെക്കാളും, വിഷമത്തേക്കാളും ഭാരമേറിയ, പ്രാണവേദനയുടെ കൊടുമുടിയോളം എത്തുന്ന യേശുവിന്റെ അനുഭവം നമുക്ക് ഇവിടെ ദർശിക്കാം.

പ്രിയ ദൈവമക്കളേ, എന്നാൽ അതിന്റെ നടുവിലും അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ പ്രത്യക്ഷമായില്ലേ? ദൈവികസാന്നിദ്ധ്യം മാറിപ്പോയി എന്നോർത്ത് വേദനിച്ച സ്ഥാനത്ത്, ദൈവിക കരുതലിന്റെ, സ്നേഹത്തിന്റെ, സാന്ത്വനത്തിന്റെ ഒരു തലോടൽ അഥവാ ശക്തിപ്പെടൽ വെളിപ്പെടുന്നു. തുടർന്ന് പ്രാണവേദനയിലും അതിശ്രദ്ധയോടെ കർത്താവ് പ്രാർത്ഥിച്ചു എന്ന് നാം വായിച്ചുവല്ലോ.

ദൈവികസാമീപ്യം ഓരോ നിമിഷവും ശക്തിയോടെ, ബലത്തോടെ, അതേ ദൈവീകദൂതന്മാരുടെ കാവൽ, ജീവിതത്തിന്റെ ഓരോ നിമിഷവും അനുഭവിക്കാൻ കഴിയുമ്പോൾ അതിശ്രദ്ധയോടെ പ്രാർത്ഥിപ്പാൻ കർത്താവ് കൃപ തരും. സഹിക്കാൻ വയ്യെന്ന് നാം കരുതുന്ന പരീക്ഷകൾ, വേദനകൾ, സാഹചര്യങ്ങൾ, അങ്ങനെ ജീവിതം തന്നെ പ്രാണവേദനയുടെ അനുഭവത്തിലൂടെ കടന്നുപോരുന്ന ഏവർക്കും കർത്താവിന്റെ ഈ പ്രാർത്ഥന മാതൃകയാണ്. പ്രാർത്ഥന കഴിഞ്ഞ് എഴുന്നേൽക്കുന്ന യേശു, പരീക്ഷയിൽ അകപ്പെടാതിരിക്കാൻ എഴുന്നേറ്റ് പ്രാർത്ഥിപ്പിൻ എന്ന് ശിഷ്യന്മാർക്കും ആഹ്വാനം കൊടുക്കുന്നതായി കാണാം.

കർത്താവ് സഹായകനായി എപ്പോഴും കൂടെയുണ്ട്. പലപ്പോഴും പ്രതികൂലങ്ങൾ കടന്നു വരുമ്പോൾ ദൈവം വാസ്തവമായും കൂടെയുണ്ടോ എന്നുപോലും തോന്നുന്ന

ചിന്തകൾ കടന്നുവരാം. എന്നാൽ കർത്താവായ യേശു തന്റെ പിതാവിന്റെ സന്നിധിയിൽനിന്ന് പ്രാപിച്ചെടുത്തതായ ശക്തി നമ്മുടെ ജീവിതത്തിലും തിരിച്ചറിയാനും, അനുഭവിക്കാനും കഴിഞ്ഞാൽ നാം ജയാളികളായി.

ഗെത്ത്ശമനയിലെ ഈ അനുഭവം കർത്താവിന്റെ ക്രൂശുമരണത്തിനുള്ള ഒരുക്കം മാത്രമായിരുന്നു. മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ ശിക്ഷയെക്കുറിച്ചുള്ള ചിന്ത നമ്മുടെ കർത്താവിനെ തകർത്തുകളഞ്ഞു. ഇന്ന് നശിച്ചുകൊണ്ടിരിക്കുന്ന ലോകത്തെ നോക്കി, നിത്യജീവനും, സത്യദൈവവുമായ യേശുവിനെ അറിയാതെ തകർന്നുകൊണ്ടിരിക്കുന്ന നമ്മുടെ ചുറ്റുപാടും നോക്കി ഒരു ഭാരം അഥവാ പ്രാണവേദന ദൈവപൈതലിനുണ്ടാകണം. ഈ പ്രാണവേദനയിൽ ദൈവത്തിന്റെ ദൂതന്മാർ ഇറങ്ങിവന്ന് ശക്തിപ്പെടുത്തും. തുടർന്ന് അതിശ്രദ്ധയോടെ പ്രാർത്ഥിപ്പാൻ ദൈവം ബലം നൽകും. കർത്താവ് ശിഷ്യന്മാരെ പ്രബോധിപ്പിച്ചതുപോലെ, ചുറ്റുമുള്ളവരേയും ഈ ബലം കൊടുത്ത് ശക്തിപ്പെടുത്താൻ ഇടയാക്കും.

പരാമർശം :

സങ്കീർത്തനങ്ങൾ 34:17–18

കർത്താവു നിങ്ങൾക്കു കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേഷ്ടാവു മറഞ്ഞിരിക്കയില്ല; നിന്റെ കണ്ണു നിന്റെ ഉപദേഷ്ടാവിനെ കണ്ടുകൊണ്ടിരിക്കും. നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ: വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്കു പിറകിൽനിന്നു കേൾക്കും.

ഇന്ന് ലോകം, ആഹാരമുൾപ്പെടെ എല്ലാം 'മായയായ' ഒരു സ്ഥിതി വിശേഷത്തിലൂടെയാണല്ലോ നീങ്ങിക്കൊണ്ടിരിക്കുന്നത്. അതിന്റെ നടുവിലും നമ്മെ രക്ഷിക്കാനും, വഴിനടത്താനും, ശക്തിപ്പെടുത്താനും, കൂടെയിരുന്ന് നിലനിർത്താനും മായമില്ലാത്ത ഒന്നേയുള്ളു. അത് ദൈവവചനം മാത്രമാകുന്നു. അതുകൊണ്ട് ഈ വചനത്തെ മായമില്ലാതെ തന്നെ കുടിക്കുന്നവർക്ക് കർത്താവ് ദയാലു എന്ന് ആസ്വദിക്കുവാൻ കഴിയും. ഇങ്ങനെയുള്ള ഭഗ്യപദവി എത്രശ്രേഷ്ഠമാകുന്നു. ഇന്ന് ജീവിതത്തിന്റെ ഏത് അവസ്ഥയും ആകട്ടെ, അതിന്റെ നടുവിലും യേശു ദയാലു എന്ന് ആസ്വദിച്ചനുഭവിക്കുവാൻ ഇടയാകട്ടെ. 'രുചിച്ചു നോക്കി ഞാൻ കർത്തൻ കൃപകളെ' എന്ന സ്തുതിപ്പിന്റെ ആർപ്പോടെ, കർത്താവിന്റെ ദയയും, വിശ്വസ്തതയും പാടി പുകഴ്ത്തുവാൻ ഓരോ ദിനവും ഇടയാകട്ടെ.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 002**